# കീഴല്ലൂർ ഗ്രാമപഞ്ചായത്ത്

# കരട് ബഡ്ജറ്റ്

# 2025-26

അവതരണം

കെ.അനിൽകുമാർ

(വൈസ് പ്രസിഡണ്ട് &ചെയർമാൻ

ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി)

# ആമുഖം

കഴിഞ്ഞ രണ്ട് പതിറ്റാണ്ടിലെ കേരളത്തിന്റെ വികേന്ദ്രീകൃതാസൂത്രണം പൊതു ഭരണത്തിലെ ഏറ്റവും ശ്രദ്ധേയമായ നേട്ടം എന്ന നിലയിൽ ആഗോളതലത്തിൽതന്നെ അംഗീകരിക്കപ്പെട്ടതാണ്. ഈ രംഗത്ത് കേരളം നൽകിയ സംഭാവനകൾ ഏറെ ചർച്ച ചെയ്തു കഴിഞ്ഞു. മഹാമാരിയിലും പ്രളയക്കാലത്തും കേരളത്തിലെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഉണർന്നു പ്രവർത്തിച്ചത് അവയിലൊന്ന് മാത്രം. നേട്ടങ്ങൾ ഉദ്ഘോഷിക്കുമ്പോൾ തന്നെ ഇനിയെന്ത് എന്ന കാര്യം പ്രസക്തമാണ്. ഈ ഘട്ടത്തിൽ കഴിഞ്ഞകാല പ്രവർത്തനങ്ങളുടെ നിഷ്പക്ഷമായ പഠനവും അവലോകനവും അത്യാന്താപേക്ഷിതമാണ്. ഒരു മൂന്നാം തല സർക്കാർ എന്ന നിലയിൽ നമുക്ക് എത്രമാത്രം മുന്നോട്ട് പോവാൻ സാധിച്ചിട്ടുണ്ട് ? അല്ലെങ്കിൽ പാളിച്ചകൾ എവിടെ ? എന്നിവ കണ്ടെത്തി പരിഹരിച്ച് മുന്നോട്ട് പോവുകയാണ് ഏറെ അഭികാമ്യം .

രാജ്യത്തെ പൊതുസാമൂഹികാവസ്ഥയിൽനിന്നു വേറിട്ട് ഉയർന്നുനിൽക്കുന്ന കേരളം സാമൂഹ്യ വികസനത്തിന് ഒരു ആഗോളമാതൃകയാണ്. മികച്ച സാക്ഷരതാനിരക്കും ഉയർന്ന ആയുർദൈർഘ്യവും കുറഞ്ഞ ശിശുമരണവും കുറഞ്ഞ മാതൃമരണവും മെച്ചപ്പെട്ട സ്ത്രീപുരുഷ അനുപാതവും ഒക്കെയുള്ള സമൂഹം. സാർവ്വത്രികവിദ്യാഭ്യാസവും വിപുലമായ ജനകീയാരോഗ്യ സംവിധാനവും പൊതുവിതരണ സംവിധാനവും വിഭവങ്ങളുടെയും കൃഷിഭൂമിയുടെയും പുനർവിതരണവും അടിസ്ഥാനവിഭാഗങ്ങളുടെ സാമൂഹിക, സാമ്പത്തിക ശാക്തീകരണവും ഒക്കെ സമഗ്ര വികസനം എന്ന ആശയം യാഥാർത്ഥ്യമാക്കുന്നതിന് ഉപോൽബലകമായിട്ടുണ്ട്.

ജനകീയാസൂത്രണത്തിന്റെ ഇരുപത്തി ഒമ്പത് വർഷത്തെ അനുഭവങ്ങൾ നമ്മൾ വിലയിരുത്തുകയുണ്ടായി. എല്ലാ മേഖലയിലും വലിയ മുന്നേറ്റം ഈ കാലയളവിൽ നമുക്ക് ഒരുക്കാനായിട്ടുണ്ടെങ്കിലും നമ്മുടെ ആവശ്യങ്ങളും സാധ്യതകളും ഇനിയുമേറെയാണ്. ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ടും ജനക്ഷേമം ഉറപ്പു വരുത്തിയും പാർശ്വവൽക്കരിക്കപ്പെട്ട ജനതയെ കൈപിടിച്ചുയർത്താനും മണ്ണിനെയും പരിതസ്ഥിതിയെയും ജൈവവൈവിധ്യങ്ങളെയും സംരക്ഷിച്ചും നമ്മുടെ പരിമിതികളെ മറികടക്കാനുള്ള പരിശ്രമമാണ് നാം ലക്ഷ്യം വയ്ക്കുന്നത്.

പരിമിതമായ വിഭവങ്ങളും അപരിമിതമായ ആവശ്യങ്ങളുമാണ് വികസന ക്ഷേമ പ്രവർത്തനങ്ങളിൽ നാം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കാനുള്ള ആസൂത്രണമാണ് നമുക്ക് വേണ്ടത്.

ആസൂത്രണത്തിന്റെ തുടർച്ചയും ജനാധിപത്യത്തോടുള്ള ഗ്രാമപഞ്ചായത്തിന്റെ പ്രതിബദ്ധതയും തമ്മിൽ ഇഴപിരിയാത്ത ബന്ധമുണ്ട്. ആസൂത്രണം എന്നത് നാടിന്റെ

വികസന മുൻഗണനകൾ ജനാധിപത്യപരമായി തീരുമാനിക്കാനുള്ള ഒരു മാർഗ്ഗമാണ്. വികസന പ്രശ്നങ്ങളെ മുൻകൂട്ടി കണ്ട് വിശദമായ ചർച്ചയ്ക്ക വിധേയമാക്കി സുതാര്യമായി നടപ്പിലാക്കുന്ന രീതിയാണ് ആസൂത്രണത്തെ പ്രസക്തമാക്കുന്നത്. കേരളത്തിലെ വികേന്ദ്രീ കരണത്തിന്റെ ഏറ്റവും സവിശേഷമായ ഘടകം സുതാര്യവും, സമത്വവും മാനദണ്ഡങ്ങളിൽ അധിഷ്ഠിതവുമായ ധനകാര്യ വികേന്ദ്രീകരണം ആണ്

കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തേക്കുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകളാണ് ഈ ബജറ്റിൽ ഉൾകൊള്ളിച്ചിട്ടുള്ളത്. ആവശ്യങ്ങളുടെ ബാഹുല്യം പരിഗണിക്കുമ്പോൾ വിഭവങ്ങൾ പരിമിതമാണെങ്കിലും സാമൂഹ്യനീതിയിലധിഷ്ഠി തമായ സാമ്പത്തിക വികസനം എന്ന ലക്ഷ്യസാക്ഷാത്കാരത്തോടൊപ്പം തന്നെ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യവും പൊതുവായതുമായ ചുമതലകൾ ഫലപ്രദമായി നിറവേ റ്റുന്നതിനുള്ള ബജറ്റ് രൂപീകരണത്തിനാണ് പ്രാമുഖ്യം നൽകിയിട്ടുള്ളത്.

സംസ്ഥാന ബജറ്റ് വിഹിതവും കേന്ദ്രസർക്കാർ അനുവദിക്കുന്ന ധനകാര്യകമ്മീഷൻ ഗ്രാന്റും മെയിന്റൻസ് ഗ്രാന്റും ഉൾപ്പെടെയുള്ള വിഹിതങ്ങൾ സർക്കാർ നിബന്ധനകൾക്ക് ഉള്ളിൽ നിന്ന് തന്നെ ചെലവഴിക്കേണ്ടതുണ്ട്. എന്നിരുന്നാലും ഇവയുടെ നീതിയുക്തവും ഫലപ്രദവുമായ വിനിയോഗത്തിന് വഴിയൊരുക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങളുടെ പൂർത്തീ കരണമായി ഈ ബജറ്റ് തയ്യാറാക്കിയിരിക്കുന്നു.

കാലാവസ്ഥാ വ്യതിയാനവും പ്രകൃതിക്ഷോഭങ്ങളും മഹാമാരികളും സൃഷ്ടിച്ച പ്രതി സന്ധികളിൽ നിന്നും ലോക സമ്പദ് വ്യവസ്ഥ കരകേറിവരുന്നതേ ഉള്ളൂ. ഈ കാലത്തും വികസന രംഗത്തും സാമൂഹ്യക്ഷേമ പദ്ധതികളിലും മാതൃകാപരമായ പ്രവർത്തനം കാഴ്ചവെ യ്ക്കുന്ന സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങൾ ആവേശകരമാണ്. സുസ്ഥിര വികസനം ലക്ഷ്യം വെച്ച് ആധുനിക ശാസ്ത്രസാങ്കേതിക നേട്ടങ്ങളും വിജ്ഞാനരംഗത്തെ പുതിയ മുന്നേറ്റങ്ങളും ഉൾചേർത്ത് കേരളത്തിന്റെ വ്യവസായിക- കാർഷിക-വിദ്യാഭ്യാസ രംഗത്ത് വൻകുതിച്ച് ചാട്ടത്തിനാണ് കേരളം തയ്യാറെടുക്കുന്നത്.

കാർഷിക മേഖലയിലെ ഇടത്തരം കർഷകർ നാണ്യവിളകളുടെ വില തകർച്ചയും ഉല്പാദന ചെലവിന്റെ വർധനവും വന്യജീവികളുടെ ആക്രമണത്തിന്റെയും മറ്റും ഭാഗമായി വലിയ പ്രതിസന്ധിയിലാണ്. ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ ആധുനിക കാർഷിക യന്ത്ര ങ്ങളുടെ ഉപയോഗവും അതിന്റെ പരിപാലനവും ശാസ്ത്രീയമായ കൃഷിരീതികളും അവലംബി ക്കുന്നതിന് പര്യാപ്തമാക്കേണ്ടതുണ്ട്.

കാർഷിക-ക്ഷീര-മത്സ്യമേഖലകളിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വിവിധ വിളകളു ടെയും മറ്റ് സംരംഭങ്ങളുടെയും വിസ്തൃതിയും, ഉല്പാദനക്ഷമതയും പരമാവധി വർദ്ധിപ്പിക്കണ മെന്നും ഉല്പന്നങ്ങൾക്ക് വിപണിയും വില സ്ഥിരതയും ഉറപ്പുവരുത്തി ക്കൊണ്ട് മാത്രമേ ഈ

മേഖലയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കാൻ സാധിക്കും. ആധുനികമായ സംഭരണശാലകൾ സ്ഥാപിച്ച് ഉല്പന്നങ്ങൾ കുറച്ച് കാലത്തേക്ക് ശേഖരിച്ച് വെക്കുന്നതും മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കാനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തേണ്ടതും അനിവാര്യമാണ്.

കേരളത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ക്ഷേമവും വികസനം നമ്മുടെ ഉത്തരവാദിത്വവുമാണ്. എല്ലാ മേഖലയിലും വികസനം ഉറപ്പ് വരുത്തി സന്തോഷകരമായ ജീവിതം സാധ്യമാക്കുക എന്ന പതിനാലാം പഞ്ചവൽസര പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിക്കാൻ സാധിക്കേണ്ടതുണ്ട്. പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം ഉറപ്പാക്കിക്കൊണ്ടുള്ള സുസ്ഥിര വികസനം സാധ്യമാക്കുക, കാലാവസ്ഥാ വ്യതിയാനത്തെയും തത്ഫലമായുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളേയും അതിജീവിക്കുന്നതിനുള്ള കഴിവുകൾ ആർജ്ജിക്കുവാൻ സമൂഹത്തെ പ്രാപ്തമാക്കുകയും ചെയ്യേണ്ടതുണ്ട്.

ഉല്പാദനം വർദ്ധിപ്പിക്കുക, പ്രളയമുൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങളുടെ സാധ്യത കുറക്കുക എന്നീ ലക്ഷ്യം മുൻ നിർത്തി നീർത്തട വികസന പദ്ധതികൾ നടപ്പിലാക്കുന്നതാണ്. ജലസ്രോതസ്സുകളായ തോടുകളുടെയും, പുഴകളുടെയും സംരക്ഷണത്തിന് പ്രാധാന്യം നൽകുന്നതാണ്.

ഖര-ദ്രവ മാലിന്യ സംസ്ക്കരണത്തിന് പൂർണ്ണമായ പരിഹാരം കാണേണ്ടത് തദ്ദേശ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണ്. നിരവധിയായ പദ്ധതികൾ ഈ ലക്ഷ്യത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. മാലിന്യമുക്ത നവകേരളം പദ്ധതിയിലൂടെ മേൽ ലക്ഷ്യം സാക്ഷാത്കരിക്കേണ്ടതുണ്ട്

ടൂറിസം രംഗത്ത് വലിയ സാധ്യതകൾ ഉയർന്നു വരുന്നുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപങ്ങൾ ഈ രംഗത്ത് പുതിയ ചുമതലകൾ നിർവഹിക്കേണ്ടതുണ്ട് .

കോവിഡ് പ്രതിസന്ധിയെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസികൾ ഉൾപ്പെടെയുള്ളവരെ സംരംഭകരാക്കി മാറ്റേണ്ടതുണ്ട്. സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതാണ്.

പാർശ്വവൽക്കരിക്കപ്പെട്ട ജനതയുടെ ഉന്നമനം നമ്മുടെ ഉത്തരവാദിത്വമാണ്. പട്ടികജാതി-പട്ടികവർഗ്ഗം, ഭിന്നശേഷിക്കാർ, ട്രാൻസ്ജെന്റേർസ്, വയോജനങ്ങൾ തുടങ്ങിയവർക്ക് പ്രത്യേക പരിഗണന നൽകേണ്ടതുണ്ട്. ലിംഗസമത്വം ലക്ഷ്യം വെച്ചുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. തൊഴിലവസരങ്ങൾ വർദ്ധിപ്പിച്ചും ശാരീരികവും മാനസികവുമായ ശേഷികൾ വർദ്ധിപ്പിച്ചും സ്ത്രീ സമൂഹത്തെ ഉയർത്തി ക്കൊണ്ടു വരാനാകണം.

വിദ്യാഭ്യാസ രംഗത്ത് സമഗ്രമായ ഇടപെടൽ അനിവാര്യമാണ്. പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാഭ്യാസ മേഖലയിൽ വലിയ മുന്നേറ്റം സംജാത മായിട്ടുണ്ട് . ഗ്രാമപഞ്ചായത്തിന്റെ കീഴിൽ സർക്കാർ സ്കൂളുകൾ ഒന്നും തന്നെയില്ലെങ്കിലും വിദ്യാഭ്യാസ രംഗത്തും ഗ്രാമപഞ്ചായത്തിന് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ തുടർന്നും സംഘടിപ്പിക്കേണ്ടതുണ്ട്.

നമ്മുടെ സംസ്ഥാനത്തെ ആരോഗ്യരംഗം ലോകോത്തര നിലവാരത്തിലേക്ക് ഉയർന്നു കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി പൊതുജനങ്ങൾ കൂടുതലായി സർക്കാർ ആശുപത്രികളെ ആശ്രയിക്കുവാൻ തുടങ്ങിയിട്ടുണ്ട്. കോവിഡ് മഹാമാരിക്കാലത്ത് നമ്മുടെ ആരോഗ്യരംഗത്തിന്റെ കരുത്ത് ലോകം ദർശിച്ചതാണ്. കീഴല്ലൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെ സാമൂഹികാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള നടപടികൾക്ക് ഊർജ്ജം പകരേണ്ടതുണ്ട്

പശ്ചാത്തല മേഖലയിൽ ജില്ലയിൽ വലിയ മുന്നേറ്റം നടന്ന കാലമാണിത്. ഗ്രാമപഞ്ചായത്ത് ആസ്തിയിലുള്ള എല്ലാ റോഡുകളും ടാറിംഗ് ചെയ്ത് ആധുനീക സൌകര്യങ്ങളോടെ സംരക്ഷിക്കപ്പെടേണ്ടതുണ്ട് .

ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളുമായി ചേർന്ന് ഗ്രാമപഞ്ചായത്തിന്റെ സമഗ്രമായ വികസനം ലക്ഷ്യം വെച്ചുളള സംയോജിത പദ്ധതികൾ തുടർന്നും നടത്തേണ്ടതുണ്ട്. സംയോജിത പദ്ധതികൾക്ക് പരസ്പരധാരണയോടെ മുൻകൂർ അനുമതികൾ ഉറപ്പു വരുത്തുന്നത് പദ്ധതി നിർവ്വഹണത്തിൽ ഗുണകരമാണ്. കേന്ദ്ര–സംസ്ഥാന സർക്കാറുകളും ഏജൻസി കളുമായി ചേർന്നും പദ്ധതികൾ ആവിഷ്ക്കരിക്കുന്നതാണ്.

ഭാവിതലമുറയുടെ സ്വന്തം ആവശ്യങ്ങൾ നിറവേറ്റാനുള്ള കഴിവിനെ അപകടപ്പെടു ത്താതെ വർത്തമാനകാല ആവശ്യങ്ങൾ നിറവേറ്റിയാൽ മാത്രമേ വികസനം സുസ്ഥിരമായി കണക്കാക്കാൻ കഴിയൂ. ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് ആവശ്യമായിട്ടുള്ള അടിയന്തര പ്രധാന്യമുള്ള പ്രവർത്തനങ്ങളും നവീന ആശയങ്ങളും സമതുലിതമായി സംയോജിപ്പിച്ച് കൊണ്ടുള്ളതാണ് അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ഈ ബജറ്റ്. സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്ന പാർശ്വവൽകരിക്കപ്പെട്ട സമൂഹത്തിലേക്ക് വികസനത്തിന്റെ ഗുണങ്ങൾ എത്തിക്കുകയും അവരെ പടിപടിയായി സ്വയം പര്യാപ്തതയിലേക്കും സാമ്പത്തിക ഭദ്രതയിലേക്കും സാമൂഹ്യ ഉന്നമനത്തിലേക്കും എത്തിക്കുക എന്നതാണ് യഥാർത്ഥ വികസനം എന്ന നയസമീപനം കീഴല്ലൂർ ഗ്രാമപഞ്ചായത്ത് ഉയർത്തിപ്പിടിക്കുന്നു.

കർമ്മനിരതരായ ജനപ്രതിനിധികളുടെയും സ്ഥിരോത്സാഹികളായ ജീവനക്കാരുടെയും ചിട്ടയായ പ്രവർത്തനങ്ങളും സാമ്പത്തിക അച്ചടക്കവും കൊണ്ട് പുരോഗതിയുടെ പാതകൾ താണ്ടി കൊണ്ടിരിക്കുന്ന കീഴല്ലൂർ പഞ്ചായത്തിന്റെ ഭാവി ഭാസുരമാക്കുന്നതിന് ഈ ബജറ്റ് നിദാനമാവട്ടെ. ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള സുസ്ഥിരവികസന ലക്ഷ്യ ങ്ങളുടെ ചുവടുപിടിച്ച് ജനങ്ങളുടെ ഭാവിയും നാടിൻറെ ഉന്നതിയും ഉറപ്പുവരുത്തി മുന്നോട്ടു പോകുന്നതിനുള്ള ആശയങ്ങൾ ഈ ബജറ്റിലൂടെ സാക്ഷാത്കരിക്കട്ടെ എന്ന് ആശംസി ക്കുന്നു.

വിശ്വസ്തതയോടെ

(ഒപ്പ്)
ശ്രീമതി കെ വി മിനി
22/03/2025 പ്രസിഡണ്ട് കീഴല്ലൂർ ഗ്രാമപഞ്ചായത്ത്

2021 ഡിസംബർ മാസം അധികാരത്തിൽ ഈ ഭരണസമിതിയുടെ അഞ്ചാമത്തേയും ഏറ്റവും ഒടുവിലത്തേതും ആയ കരട് ബജറ്റാണ് ഞാൻ ഇന്ന് നിങ്ങളുടെ മുമ്പാകെ അവതരിപ്പുന്നത്.

ബജറ്റ് അവതരണത്തിന് ആമുഖഭാഷണം നടത്തിയ യോഗാദ്ധ്യക്ഷൻ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി. കെ.വി.മിനി, സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ, ചെയർപേഴ്സൺമാർ, പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ, ആസൂത്രണ സമിതി ഉപാദ്ധ്യക്ഷൻ, പഞ്ചായത്ത് സെക്രട്ടറി, ജീവനക്കാർ, മാധ്യമ പ്രവർത്തകർ, മറ്റ് ക്ഷണിക്കപ്പെട്ട അതിഥികൾ തുടങ്ങി ഈ യോഗത്തിൽ സന്നിഹിതരായിട്ടുള്ള എല്ലാവരെയും ഏറെ സ്നേഹത്തോടെ അതിലേറെ ബഹുമാനത്തോടെ അഭിവാദ്യം ചെയ്തുകൊണ്ട് 2025 – 2026 സാമ്പത്തിക വർഷത്തിലേക്കുള്ള കരട് ബജറ്റ് അവതരണത്തിലേക്ക് കടക്കട്ടെ............

ജാതിയുടെയോ മതത്തിൻറെയോ കക്ഷിരാഷ്ട്രീയത്തിൻറെയോ അതിർവരമ്പുകളില്ലാതെ ഗ്രാമപഞ്ചായത്തിൻറെ സമഗ്ര വികസനം മാത്രം ലക്ഷ്യമിട്ടുകൊണ്ട് ത്രിതല പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ നൽകുന്ന ഫണ്ടുകളും സംസ്ഥാന വികസന ഫണ്ടും പഞ്ചായത്തിൻറെ വികസന ഫണ്ടും ഉൾപ്പെടുത്തികൊണ്ടുള്ള വ്യത്യസ്ഥവും വൈവിധ്യവുമാർന്ന പദ്ധതികളാണ് കഴിഞ്ഞ കാലങ്ങളിൽ നടത്തിയിട്ടുള്ളതും അതിൻറെ തുടർച്ച എന്ന രീതിയിൽ തന്നെയാണ് അടുത്ത സാമ്പത്തിക വർഷത്തിലും നടപ്പിലാക്കാൻ ഉദ്ദ്യേശിക്കുന്നത് എന്ന് വിനയപൂർവ്വം ഇവിടെ സൂചിപ്പിക്കട്ടെ. കഴിഞ്ഞ കാലങ്ങളിൽ നിന്നും വ്യത്യസ്ഥമായി കേന്ദ്ര ഗവൺമെൻറ് സംസ്ഥാന സർക്കാറിന് ന്യായമായും നൽകേണ്ട വിവിധ പദ്ധതികളുടെ വിഹിതം അകാരണമായി വെട്ടിക്കുറച്ചത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന ഫണ്ടിൻറെയും ചെറിയരീതിയിലെങ്കിലും ബാധിച്ചിട്ടുണ്ടെന്ന യാഥാർത്ഥ്യം മറച്ചു വെക്കുന്നില്ല. എന്നിരുന്നാലും എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച ചരിത്രമുള്ള കേരളം ഈ വരിഞ്ഞുകെട്ടലുകൾക്കുള്ളിൽ നിന്നും പുറത്ത് വന്ന് വികസന വാഹക പറവകളായി ഉയരെ പാറിപ്പറക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

നമ്മുടെ രാജ്യത്തിൻറെ നട്ടെല്ല് എന്ന് പറയുന്നത് കാർഷിക മേഖലയാണ്. കാർഷിക മേഖലയില്ലെങ്കിൽ സമൂഹത്തിൻറെ നിലനിൽപ്പുതന്നെ ഇല്ലാതാകും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നാൽ വർത്താമാന കാലഘട്ടത്തിലെ കർഷകർ വലിയ പ്രതിസന്ധി നേരിടുകയാണ്. നമ്മുടെ പഞ്ചായത്ത് പരിധിയിലാണെങ്കിൽ കാട്ടുപന്നികൾ, മയിലുകൾ എന്നിവയുടെ

ആക്രമണമൂലം വലിയ ആശങ്കയിലാണ് നമ്മുടെ പഞ്ചായത്ത് പരിധിയിലെ കർഷകരിൽ ഭൂരിഭാഗവും എന്ന യാഥാർത്ഥ്യം നാം ഉൾക്കൊണ്ട്കൊണ്ടു തന്നെയാണ് ഈ ബജറ്റിലും കാർഷിക മേഖലയ്ക്ക് പ്രധാന്യം നൽകുന്നത്.

ഒരു നാടിൻറെ സംസ്കാരത്തിൻറെ അളവ് കോലാണ് അവിടുത്തെ മാലിന്യ സംസ്കരണം എന്നത്. മാലിന്യം അപകടകരമാണെന്നും അത് രോഗങ്ങൾ പരത്തുന്നതിനും കാരണമാകുന്നതാണെന്ന് മനസ്സിലാക്കി മാലിന്യം സംസ്കരിക്കേണ്ടതാണെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ നിരവധി പദ്ധതികള് ആവിഷ്കരിച്ച് വരികയാണ്.

മാലിന്യ മുക്ത കേരളമെന്ന ഓരോ കേരളീയൻറേയും സ്വപ്നം മാർച്ച് 30 ന് സാക്ഷാൽകരിക്കാൻ പോകുന്ന സന്തോഷത്തിലും ലക്ഷ്യത്തിലേക്ക് എത്തുന്നതിനാവിശ്യമായ പ്രവർത്തനങ്ങൾക്കിടയിലുമാണ് നാം ഈ ബജറ്റ് അവതരിപ്പിക്കുന്നത് എന്നതുകൊണ്ട് തന്നെ മാലിന്യമുക്ത പ്രവർത്തനങ്ങൾക്കും നാം ഏറെ പ്രാധാന്യം നൽകേണ്ടതുണ്ടെന്ന തിരിച്ചറിവിലൂടെയാവണം നാം ഇനി മുന്നോട്ട് പോവേണ്ടത്. പൊതു ഇടങ്ങളിലേക്ക് വലിച്ചെറിയുന്ന ഓരോ മാലിന്യക്കെട്ടുകളും ചെന്ന് വീഴുന്നത് നാടിൻറെ നന്മയുടെ നെഞ്ചിലേക്കാണെന്ന ബോധം ഓരോ മനുഷ്യനിലും ഉണ്ടാവേണ്ടത് ഇന്നത്തെ സമൂഹത്തിൻറെയും നാളെയുടെയും പ്രതീക്ഷയ്ക്കും നിലനിൽപ്പിനും അത്യാവശ്യമാണെന്ന് ഇവിടെ ഓർമിപ്പിക്കട്ടെ......

ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹിക രംഗത്ത് നാം ഇന്ന് കാണുന്ന നേട്ടങ്ങളെല്ലാം നേടിയെടുക്കുന്നതിനുവേണ്ടി നടത്തിയ പ്രവർത്തനങ്ങളിലെല്ലാം ആവശ്യമായ വിഭവങ്ങൾ നൽകാൻ നമ്മുടെ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട് എന്നത് ഏറെ അഭിമാനത്തോടെ സൂചിപ്പിക്കട്ടെ.

വിവിധ മേഖലകളിൽ നിർബന്ധിത വകയിരുത്തലുകൾ ഉൾച്ചേർത്തുകൊണ്ടും മുൻകാലങ്ങളിൽ നടപ്പിലാക്കി വരുന്നതുമായ വികസന,ക്ഷേമ പ്രവർത്തനങ്ങളുടെ തുടർച്ചയായി തന്നെയാണ് ഈ ബജറ്റിനെയും നോക്കികാണേണ്ടത്.

സാമൂഹികമായ വലിയ മുന്നേറ്റങ്ങൾ സൃഷ്ടിച്ചുകൊണ്ട് സാധാരണ മനുഷ്യരുടെ ജീവിതത്തെ ഒരുപാട് മെച്ചപ്പെടുത്താൻ നമുക്ക് സാധിച്ചിട്ടുണ്ട് എന്നത് വസ്തുതയാണ്. പക്ഷേ ഇപ്പോഴും അദൃശ്യരായ മനുഷ്യർ, അരികുകളിലായിപ്പോയവരും, അവഗണിക്കപ്പെട്ടുപോയവരുമായ മനുഷ്യർ നമുക്കിടയിലുണ്ട് എന്ന സത്യം ഉൾക്കൊണ്ടുകൊണ്ട് അവരെയെല്ലാം സമൂഹത്തിൻറെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ട് വരാൻ നമുക്ക് സാധിക്കേണ്ടതുണ്ട്.

കേരളത്തിലെ ഏറ്റവും വലിയ വിമാനത്താവളം സ്ഥിതി ചെയ്യുന്നത് നമ്മുടെ പഞ്ചായത്തിലാണെന്ന സ്വകാര്യ അഹങ്കാരം ഉള്ളിലൊതുക്കിവെച്ച് കൊണ്ട് തന്നെ പറയട്ടെ ഒരുപാട് ഉയരത്തിലേക്ക് പറന്നുയരാൻ വെമ്പുന്ന കണ്ണൂർ വിമാനത്താവളത്തിന് പോയിൻറ് ഓഫ് കോൾ പദവി നൽകാതെ ചിറകുകൾക്ക് ചങ്ങലപ്പൂട്ട് ഇടുന്ന കേന്ദ്ര ഗവൺമെൻറിൻറെ നെറികേടിനെതിരായുള്ള പ്രതിഷേധം കൂടി ഇവിടെ കുറിച്ചുവെക്കുന്നതോടൊപ്പം എല്ലാ പ്രതിസന്ധകളെയും അതിജീവിച്ച് നമ്മുടെ ജില്ലയുടെ പ്രത്യേകിച്ച് നമ്മുടെ പഞ്ചായത്തിന് ഉൾപ്പെടെ വലിയ വികസന പദ്ധതികളും തൊഴിൽ സംരംഭങ്ങളും ഉണ്ടാവുമെന്ന പ്രതീക്ഷയും പങ്കുവെയ്ക്കുകയാണ് നാം ചെയ്യുന്നത്.

കഴിഞ്ഞസാമ്പത്തിക വർഷം 3,69,29,200 കോടി രൂപ ചെലവഴിച്ചു കൊണ്ട് പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് പുതിയ സ്ഥലമെട്ടത്തതും 10ലക്ഷം രൂപ ചെവഴിച്ചു കൊണ്ട് 500 കുടുംബങ്ങൾക്ക് മൺചട്ടി വിതരണം ചെയ്തതും മാലിന്യ സംസ്കരണത്തിന് പ്രധാന ഉപാധി എന്ന നിലയിൽഈ നടപ്പ് സാമ്പത്തിക വർഷം 16 ലക്ഷത്തി 46, 100 രൂപ ചെലവഴിച്ചു കൊണ്ട് 558 എണ്ണം ഉൾപ്പെടെ ഈ ഭരണസമിതി അധികാരത്തിൽ വന്നതിനുശേഷം ആകെ 2447 ഗാർഹിക റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്ത പദ്ധതികളും പ്രശംസ പിടിച്ചു പറ്റിയ പ്രധാന പദ്ധതികളാണ്.

## കാർഷിക മേഖല

കേരളീയൻറെ ഭക്ഷണങ്ങളിൽ പ്രധാനം അരികൊണ്ടുള്ള ഭക്ഷണ പദാർത്ഥങ്ങളാണ്. നമുക്ക് ആവശ്യമായിട്ടുള്ള അരിക്ക് വേണ്ടി നമ്മൾ ഇപ്പോഴും ആശ്രയിക്കുന്നത് അന്യസംസ്ഥാനങ്ങളെയാണ്. നമുക്ക് വൈവിദ്ധ്യമായർന്ന സാഹചര്യങ്ങളിലും വിവിധ രീതികളിലും കൃഷി ചെയ്യാവുന്ന ഏറ്റവും പ്രധാനപ്പെട്ടകൃഷിയാണ് നെൽകൃഷി. നെൽകൃഷിക്ക് അനുയോജ്യമായ നിരവധി വയലുകൾ നമ്മുടെ പഞ്ചായത്തിൽ തരിശായി കിടക്കുന്ന സാഹചര്യമാണ് ഉള്ളത്. മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കാതെ ഈ വയലുകൾ ഉപയോഗപ്പെടുത്തി നെൽകൃഷി വ്യാപനം ഊർജ്ജപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി **സമഗ്ര നെൽകൃഷി വികസനം പദ്ധതി** നടപ്പിലാക്കുന്നതിലേക്കായി **3 ലക്ഷം** രൂപ വകയിരുത്തുന്നു.

നിരവധി പ്രതിസന്ധികൾ അനുഭിക്കുന്ന ഒരു കാർഷിക വിളയാണ് വാഴകൃഷി. ഈ പ്രതിസന്ധിക്കിടയിലും നിരവധി കർഷകർ വലിയ പ്രയാസം സഹിച്ച് കൊണ്ടാണ് ഈ കൃഷി മേഖലയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. പ്രയാസമനുഭവിക്കുന്ന വാഴകർഷകന് കൈത്താങ്ങ്

എന്ന ലക്ഷ്യത്തോട്ടുകൂടിയും സൌജന്യമായി **വാഴക്കന്ന് വിതരണം** ചെയ്യുന്ന പദ്ധതിയിലേക്ക് **50400**/രൂപ വകയിരുത്തുന്നു.

നമ്മുടെ സമൂഹത്തിൽ ഇന്ന് കാൻസർ പോലുള്ള മാരകമായ രോഗങ്ങൾ പടർന്ന പിടിക്കുന്നതിന് പ്രധാനകാരണം വിഷാംശങ്ങൾ നിറഞ്ഞ പച്ചക്കറികളുടെ ഉപയോഗമാണ് എന്ന കാര്യത്തില് യാതൊരു സംശയവുമില്ല നമ്മുടെ മട്ടുപ്പാവിലും വീട്ടുവളപ്പിലും യഥേഷ്ടം കൃഷി ചെയ്യാൻ സാധിക്കുന്ന കൃഷി ഇനങ്ങൾ പോലും കൃഷി ചെയ്യുന്നതിനുവേണ്ടി വൈമുഖ്യം കാണിക്കുന്ന സമൂഹത്തെ വിഷരഹിതമായ പച്ചക്കറി ഉൽപാദനത്തിലേക്ക് താത്പര്യപ്പെടുത്തുക എന്ന ലക്ഷ്യത്തോട്ടുകൂടി നടപ്പിലാക്കുന്ന **പോഷക സമൃദ്ധി പച്ചക്കറി വിതരണത്തിലേക്ക് 84000 രൂപ** വകയിരുത്തി.

കേരളത്തിൻറെ ഏറ്റവും പ്രധാനപ്പെട്ട കൃഷിയായ തെങ്ങുകൃഷി ഇന്ന് വലിയ നശീകരണത്തിൻറെ വഴിയിലാണ്. വിവിധ രോഗങ്ങളാൽ തെങ്ങുകളെല്ലാം നശിച്ചുപോകുന്നത് തേങ്ങയ്ക്ക് വലിയ ക്ഷാമം നേരിടാനിടയാവുന്നു. ഈ മേഖലയെ പ്രോത്സാഹിപ്പിക്കേണ്ടത് നാടിൻറെ ആവശ്യമാണെന്ന് കണ്ടറിഞ്ഞുകൊണ്ട് **തെങ്ങിന് ജൈവവളം വിതരണം** ചെയ്യുന്ന പദ്ധതിയിലേക്കായി **1,20,000** രൂപ വകയിരുത്തുന്നു.

ഏറ്റവും വിപണനമൂല്യമുള്ള പുഷ്പകൃഷിയായ ഓർക്കിഡ് കൃഷിയെ കൂടുതൽ കുടുംബങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോട്ടുകൂടി **ഓർക്കിഡ് ചെടിത്തൈകൾ വിതരണം** ചെയ്യുന്നതിലേക്കായി **1,04,750 രൂപ** വകയിരുത്തുന്നു.

കൃഷി ചെയ്യുവാൻ സ്ഥലപരിമിതി നേരിടുന്ന കുടുംബങ്ങൾക്ക് വീട്ടുമുറ്റവും ടെറസുകളും ഉപയോഗപ്പെടുത്തി സ്വന്തം ആവശ്യത്തിനായ പച്ചക്കറി എങ്കിലും ഉല്പാദിപ്പിക്കാന് പ്രോത്സാഹനം നൽകുക എന്ന ഉദ്ദേശത്തോട്ടുകൂടി മൺചട്ടിയും പച്ചക്കറി തൈകളും വിതരണം ചെയ്യുന്ന **മുറ്റത്തൊരു പോഷകത്തോട്ടം** പദ്ധതിയിലേക്കായി **8 ലക്ഷം** രൂപ വകയിരുത്തുന്നു.

ഏറ്റവും കൂടുതൽ ആവശ്യക്കാർ ഉള്ള ഒരു ഉൽപ്പന്നമാണ് കൂൺ. ഏറെ പോഷകഗുണവും സ്വാദിഷ്ടവുമായ ഉൽപ്പന്നമായ കൂൺ കൃഷി ഏറെ ലാഭകരവുമാണ്. ഇപ്പോൾ കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നു വരുന്നു എന്നത് സന്തോഷകരമാണ്. **കൂൺ കൃഷി പ്രോത്സാഹനം** എന്ന പദ്ധതിയിലേക്കായി **50000 രൂപ** വകയിരുത്തുന്നു.

ആധുനിക മനുഷ്യൻറെ ജീവിത രീതിയിലും തിരക്കുകളും മൂലം വ്യത്യസ്ഥങ്ങളായ അസുഖങ്ങളാണ് നമുക്ക് സമ്മാനിക്കുന്നത്. ഇത്തരം അസുഖങ്ങളിൽ നിന്ന ഒരു പരിധി വരെ മുക്തി നേടാനും രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കാനും പഴയകാല നാടൻ മരുന്നുകൾ വഹിച്ചിരുന്ന പങ്ക് വളരെ വലുതാണ്. നമ്മുടെ പറമ്പുകളിലെല്ലാം കണ്ടു വരുന്ന പല ഔഷധ സസ്യങ്ങളും ഇന്ന് കാണാനില്ലാത്ത സ്ഥിതിയാണ്. ഇത്തരത്തിലുള്ള ഔഷധ സസ്യങ്ങളുടെ വ്യാപനം സജീവപ്പെടുത്തുക എന്ന ഉദ്ദേശത്തോടുകൂടി **ഔഷധ ഗ്രാമം പദ്ധതിക്ക് 1ലക്ഷം രൂപ** വകയിരുത്തുന്നു.

മനുഷ്യൻറെ ദൈനംദിന ജീവിതത്തിൽ മാറ്റി നിർത്താൻ പറ്റാത്ത ഭക്ഷ്യവസ്തുവാണ് പാൽ. കോവിഡ് മഹാമാരിയുടെ കാലത്ത് എല്ലാ തൊഴിൽ മേഖലയും അടഞ്ഞുകിടന്നപ്പോഴും ഒരു ദിവസംപോലും ലോക്ക് ചെയ്യപ്പെടാത്ത മേഖലയായിരുന്നു ക്ഷീരമേഖല. പ്രതിസന്ധി നേരിടുന്ന ക്ഷീരമേഖലയെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടു കൂടി **ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ** പദ്ധതിയിലേക്കായി **5 ലക്ഷം** രൂപ വകയിരുത്തുന്നു.

നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾക്ക് ആവശ്യമായ പാൽ നമ്മുടെ പഞ്ചായത്തിൽ നിന്നു തന്നെ ഉൽപ്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന **കറവപശു വാങ്ങൻ ധനസഹായം** എന്ന പദ്ധതിയിലേക്കായി **3ലക്ഷം** വകയിരുത്തുന്നു.

ഇന്നത്തെ ക്ഷീരകർഷകർ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രയാസം എന്നത് അടിക്കടിയുള്ള കാലിത്തീറ്റ വിലവർദ്ധനവാണ്. ഇതിന് ചെറിയ ഒരു ആശ്വാസം എന്ന നിലയിൽ കറവപശുക്കൾക്ക് **കാലിത്തീറ്റ സബ്സിഡി**യിലേക്ക് 12 **ലക്ഷം** രൂപയും വകയിരുത്തുന്നു.

ജനങ്ങൾക്ക് പാലുപോലെതന്നെ പ്രധാനമായ മറ്റൊരു പോഷകാഹാരമാണ് മുട്ട എന്നത്. നമുക്ക് ആവശ്യമായ മുട്ടയ്ക്കായി നമ്മള് ഇപ്പഴും ആശ്രയിക്കുന്നത് അന്യസംസ്ഥാനങ്ങളെയാണ്, മുട്ട ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടിയെടുക്കുക എന്ന ഉദ്ദേശത്തോട്കൂടി നടപ്പിലാക്കി വരുന്ന **മുട്ടക്കോഴി വിതരണം** പദ്ധതിയിലേക്കായി **1,95,000 രൂപ** വകയിരുത്തുന്നു.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് വരുമാനം കണ്ടെത്താൻ സാധിക്കുന്ന മേഖലയാണ് പോത്ത് വളർത്തൽ.

ഈ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിലേക്കായി **പോത്തുക്കുട്ടി വിതരണ** പദ്ധതിയിലേക്കായി **1,80,000 രൂപ** വകയിരുത്തുന്നു.

നമ്മുടെ പഞ്ചായത്തിൻറെ മൃഗസംരക്ഷണ മേഖലയിൽ പ്രധാന കേന്ദ്രമായി പ്രവർത്തിക്കുന്ന മൃഗാശുപത്രിയിലേക്ക് മരുന്നും ആവശ്യവസ്തുക്കളും വാങ്ങുന്നതിനായി രണ്ടര ലക്ഷം രൂപയും വളർത്തുനായകൾക്ക് **പേവിഷബാധ പ്രതിരോധകുത്തിവെപ്പ്** സംഘടിപ്പിക്കുന്നതിലേക്കായി **20000 രൂപയും** തെരുവു നായ നിയന്ത്രണ പരിപാടിയായ **എ.ബി.സി പ്രോഗ്രാമിലേക്ക്** പഞ്ചായത്ത് വിഹിതമായി **1 ലക്ഷം** രൂപയും വകയിരുത്തുന്നു.

ഏതൊരു മനുഷ്യൻറെയും സ്വപ്നമാണ് കയറികിടക്കാൻ സുരക്ഷിതമായ ഒരു വീട് എന്നത് ആ ലക്ഷ്യം സാക്ഷാൽകരിക്കുക എന്ന ലക്ഷ്യം വെച്ചുകൊണ്ട് കേരള ഗവൺമെൻ് നടപ്പിലാക്കി വരുന്ന ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ ഗുണം ലഭിച്ച നിരവധി കുടുംബങ്ങൾ നമ്മുടെ പഞ്ചാത്തിലും ഉണ്ട്. ഇത്തവണയും ഈ പദ്ധതി വലിയ പ്രധാന്യം കൊടുത്തുക്കൊണ്ട് **ലൈഫ് ഭവന നിർമ്മാണ പദ്ധതിയിലേക്ക് 94 ലക്ഷം** രൂപ വകയിരുത്തുന്നു.

മഴ പെയ്താൽ ചോർന്നൊലിക്കുന്നതും ജീർണാവസ്ഥയിലുള്ളതുമായ **വീടുകൾ വാസയോഗ്യമാക്കുന്ന** പദ്ധതിയിലേക്ക് 14 **ലക്ഷം** രൂപ വകയിരുത്തുന്നു.

നാം എല്ലാ രംഗത്തും ഏറെ മുന്നോക്കം പോകുമ്പോഴും നമ്മുടെ ഇടയിലേക്ക് എത്തിപ്പെടാൻ പ്രയാസമനുഭവിക്കുന്ന വലിയ വിഭാഗമാണ് ഭിന്നശേഷിക്കാർ. ഭിന്നശേഷി വിഭാഗത്തെ സമൂഹത്തിൻറെ മുഖ്യധാരയിലേക്ക് ഉയർത്തികൊണ്ടുവരുക എന്നത് ഏതൊരു പ്രാദേശിക സർക്കാരിൻറെയും ഉത്തരവാദിത്തമാണെന്ന തിരിച്ചറിവ് ശിരസ്സാവഹിച്ചുകൊണ്ടുള്ള പദ്ധതികൾക്ക് അർഹമായ പരിഗണനയാണ് നാം കൊടുത്തുകൊണ്ടിരിക്കുന്നത്.

**ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്** നൽകുന്നതിലേക്കായി **1106640 രൂപയും, ഭിന്നശേഷിക്കാർക്ക് സ്പീച്ച്തെറാപ്പി പദ്ധതിയിലേക്കായി** 1 **ലക്ഷം** രൂപയും, **പെട്ടികട നടത്താൻ ധനസഹായം പദ്ധതി**യിലേക്കായി 1 **ലക്ഷം** രൂപയും വകയിരുത്തുന്നതോടൊപ്പം ഭിന്നശേഷിക്കാരായ കുട്ടികളുടെ അമ്മമാർക്ക് വരുമാനമാർഗ്ഗം കണ്ടത്തുന്നതിനാവശ്യമായ **സ്വയം**

**തൊഴിൽ പരിശീലന** പദ്ധതിയിലേക്കായി **1,50,000** രൂപയും വകയിരുത്തുന്നു.

ഒരു നല്ല ഭാവി തലമുറയെ വാർത്തെടുക്കുന്നതിന് സുപ്രധാന പങ്ക് വഹിക്കുന്ന സ്ഥാപനങ്ങളാണ് അംഗനവാടികളും ശിശുമന്ദിരവും. ഈ സ്ഥാപനങ്ങൾക്കാവശ്യമായ പ്രോത്സാഹനം എന്ന നിലയിൽ നടപ്പിലാക്കുന്ന പദ്ധതിയായ **അംഗനവാടി ശിശുമന്ദിര അനുപൂരക പോഷകാഹാര** പദ്ധതിയിലേക്കായി **38 ലക്ഷത്തി എണ്ണൂറ്റി തൊണ്ണൂറ്റി ആറ്** രൂപയും **ബാലസഭാ പ്രവർത്തനങ്ങൾ** പ്രോത്സാഹിപ്പിക്കുന്നതിലേക്കായി **16000 രൂപയും** വകയിരുത്തുന്നു.

ഒരു നല്ല മനുഷ്യൻറെ ഭാവി രൂപപ്പെടുന്നതിൽ അവൻറെ ബാല്യകാല അനുഭവങ്ങൾ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. നമ്മുടെ കുരുന്നുകളുടെ ജീവിതത്തിൽ ഏപ്പോഴും ഓർമിക്കപ്പെടുന്ന അനുഭവങ്ങൾ സമ്മാനിക്കുന്ന അങ്കണവാടി കലാമേള **കിലുക്കം** എന്ന പേരിൽ നടത്തുന്നതിനായി **15000**രൂപ വകയിരുത്തുന്നു.

നമ്മുടെ നാടിൻറെ ചരിത്രത്താളുകളിൽ സ്ത്രീകളെ കുറിച്ച് പറയുന്നത് പട്ടിണിയും ദാരിദ്ര്യവും നീതിനിഷേധവും നടമാടിയിരുന്ന കാലത്തും അതിനെതിരെയുള്ള പോരാട്ടത്തിൽ പുരുഷനോട് തോളോട് തോൾ ചേർന്ന് പൊരുതിയ അനേകം ധീരവനിതകൾ ഉണ്ടെന്നാണ്. അബലകളായിരുന്നില്ല, കരുത്തർ തന്നെയായിരുന്നു നമ്മുടെ വനിതകൾ. ആ കരുത്ത് ചോർന്ന് പോവാത്ത സംരക്ഷിക്കാലാവണം സ്ത്രീരംഗത്തെ ഇടപെടൽ വഴി നാം നടത്തേണ്ടത്. സ്ത്രീ ശാക്തീകരണത്തിൻറെ ഉദാത്ത മാതൃകയായ കുടുംബശ്രീ പ്രവർത്തനത്തിലൂടെ സ്ത്രീകളെ സാമ്പത്തിക ഉന്നതിയിലേക്കും സാമൂഹ്യ പുരോഗതിയിലേക്കും നയിച്ചുകൊണ്ടിരിക്കുന്ന നിരവധി പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിലും നടന്നുവന്നുകൊണ്ടിരിക്കുകയാണ്. സ്ത്രീ സംരക്ഷണവും പ്രോത്സാഹനവും എന്ന ലക്ഷ്യത്തോടെ **വനിതാ യൂണിറ്റ് സംരഭകർക്ക് പ്രോത്സാഹനം** നൽകുന്നതിനായി **3 ലക്ഷം** രൂപയും **സ്ത്രീകൾക്ക് ഫിറ്റ്നസ് സെൻറർ ഉപകരണങ്ങൾ** വാങ്ങാൻ **4 ലക്ഷം രൂപയും വനിതകൾക്ക് യോഗാ പരിശീലന**ത്തിന് **1 ലക്ഷം** രൂപയും **സ്ത്രീകൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണത്തിനായി 3 ലക്ഷം** രൂപയും വകയിരുത്തുന്നു.

ഒരു മനുഷ്യൻ അവൻറെ യൌവനം മുഴുവൻ കുടുംബത്തിനും നാടിനുവേണ്ടി ചിലവഴിച്ച് ജീവിതാവസാനക്കാലത്ത് വിശ്രമജീവിതം

നയിക്കുന്ന വയോജനങ്ങൾക്ക് മാനസികോല്ലാസം നൽകുക എന്ന ഉദ്ദേശത്തോടുകൂടി **ഓർമച്ചെപ്പ്** എന്ന പേരിൽ സംഘടിപ്പിക്കുന്ന വയോജന സംഗമത്തിന് **1 ലക്ഷം** രൂപയും വകയിരുത്തുന്നു.

വിശ്രമരഹിതമായ കഠിനാധ്വാനത്തിൻറെയൊക്കെ ഫലമായി ജീവിതസായാഹ്നത്തിൽ നിരവധി ആരോഗ്യപ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന **വയോജനങ്ങൾക്ക് വേണ്ടി മെഡിക്കൽ ക്യാമ്പും അനുബന്ധ ഉപകരണങ്ങളുടെ വിതരണവും** എന്ന പദ്ധതിയിലേക്കായി **3 ലക്ഷം** രൂപയും, **വയോജനങ്ങൾക്ക് തിമിര പരിശോധന ക്യാമ്പ്** സംഘടിപ്പിക്കുന്നതിന് **3 ലക്ഷം** രൂപയും വകയിരുത്തുന്നു.

സാമൂഹികമായി പിന്നോക്കം നിൽക്കുന്ന വിവിധ വിഭാവങ്ങളെയെല്ലാം തന്നെ സമൂഹത്തിൻറെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരിക എന്ന ലക്ഷ്യം വെച്ചുകൊണ്ട് ജെൻഡർ ബജറ്റ് അവതരിപ്പിച്ച പഞ്ചായത്താണ് നമ്മുടെത് എന്നതുകൊണ്ടും വ്യത്യസ്ഥകാരണങ്ങളാൽ സമൂഹത്തിൻറെ തുല്യതയിലേക്ക് എത്താൻ സാധിക്കാത്ത ജനവിഭാഗങ്ങളെയെല്ലാം കൈപിടിച്ചുയർത്തേണ്ടത് ഒരു പ്രാദേശിക സർക്കാറിൻറെ കടമയാണെന്ന ഉത്തമബോധ്യത്തിൽ നിന്നുകൊണ്ടുള്ള വിവിധ പദ്ധതികൾക്കാണ് ഇത്തവണയും രൂപം കൊടുത്തിട്ടുള്ളത്.

ഉന്നതപഠനം നടത്തുന്ന **പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ധനസഹായമായി 1 ലക്ഷം** രൂപയും **പട്ടികജാതി സ്കോളർഷിപ്പ് വിതരണം** ചെയ്യുന്ന പദ്ധതിയിലേക്കായി **125000 രൂപയും പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പടോപ്പ്** വാങ്ങി നൽകുന്ന പദ്ധതിയിലേക്കായി **1 ലക്ഷം രൂപയും** വകയിരുത്തുന്നു.

ഒരു നാടിൻറെ സംസ്കാരവും ചരിത്രവുംമെല്ലാം രേഖപ്പെടുത്തുന്നതാണ് ക്ഷേത്രങ്ങളും ക്ഷേത്രങ്ങളിൽ കൊട്ടിയാടപ്പെടുന്ന തെയ്യകോലങ്ങളും. പല തെയ്യങ്ങളുടെയും ചരിത്രം പറയുന്നത് അടിച്ചമർത്തലുകളുടെയും അകറ്റിനിർത്തലുകളുടെയും കഥകളാണ്. ചില പ്രത്യേക സമയങ്ങളിൽ മാത്രം വരുമാനം ലഭിക്കുന്നവരാണ് തെയ്യം കലാകാരന്മാർ. ഇവരെ സജീവമായി ഈ മേഖലയിൽ നിലനിർത്തുന്നതിനാവശ്യമായ സഹായം ചെയ്തുകൊടുക്കുക എന്ന ഉദ്ദേശത്തോടുകൂടി നടപ്പിലാക്കുന്ന **തെയ്യം കലാകാരന്മാർക്ക്**

**അണിയലങ്ങൽ വാങ്ങി നൽകൽ** എന്ന പദ്ധതിയിലേക്കായി **50000 രൂപ** വകയിരുത്തുന്നു.

ലോക കാലാവസ്ഥക്ക് അനുദിനം സംഭവിച്ചുകൊണ്ടിരിക്കുന്ന വ്യതിയാനങ്ങൾ ഏറ്റവും കൂടുതൽ ദോഷകരമായി ബാധിക്കുന്നത് കുടിവെള്ളത്തിനെയാണ് എന്നതാണ് കഴിഞ്ഞകാല അനുഭവങ്ങൾ നമ്മെ ബോധ്യപ്പെടുത്തികൊണ്ടിരിക്കുന്നത്. നമ്മുടെ ജലലഭ്യതയുടെ ഏറ്റവും വലിയ സ്രോതസ്സായ മഴവെള്ളം ഒരു തുള്ളിപോലും പാഴാക്കാതെ നമ്മുടെ മണ്ണിലിറക്കി സംരക്ഷിക്കാന് നാം ശ്രമിക്കുന്നില്ലങ്കിൽ ഭാവിയിൽ നാം ഇതിന് വലിയ വിലകൊടുക്കേണ്ടി വരും എന്ന കാര്യത്തിൽ സംശയമില്ല. നമ്മുടെ നാടിൻറെ പച്ചപ്പ് നിലനിർത്തുന്നതിനാവശ്യമായ ബോധപൂർവ്വമായ പ്രവർത്തനങ്ങൾ നാം തുടർച്ചയായി ഏറ്റടുത്ത് നടത്തേണ്ട സമയം അതിക്രമിച്ച് കഴിഞ്ഞിരിക്കുന്നു എന്ന് ഓർമപ്പെടുത്താൻ ഈ അവസരം ഉപയോഗിക്കട്ടെ. ഈ നടപ്പ് സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ കുടിവെള്ള രൂക്ഷമായ പ്രദേശങ്ങളിൽ 16,25,000 ലിറ്റർ വെള്ളമാണ് വിതരണം ചെയ്തത്. ഇത്തവണയും രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ **കുടിവെള്ളം വിതരണം ചെയ്യുന്ന പദ്ധതി**യിലേക്കായി **12 ലക്ഷം** രൂപ വകയിരുത്തുന്നു.

അന്താരാഷ്ട്ര zero waste ദിനമായ മാർച്ച് 30 ന് നമ്മുടെ സംസ്ഥാനം ഹരിത സംസ്ഥാനമായി മാറാൻ പോകുന്നതിൻറെ മുന്നൊരുക്ക പ്രവർത്തനങ്ങൾ നാട്ടുനീളം നടന്നുകൊണ്ടിരിക്കുന്ന ഈ സമയത്ത് നമ്മുടെ പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളും കുടുംബശ്രീകളും 14 വാർഡുകൾ പ്രത്യേകമായും ഹരിതമായി പ്രഖ്യാപിച്ചതിന് ശേഷം നമ്മുടെ പഞ്ചായത്ത് ഹരിത പഞ്ചായത്തായി പ്രഖ്യാപിച്ച സന്തോഷത്തിലാണ് നാമെല്ലാവരും ഉള്ളതെങ്കിലും മാലിന്യ മുക്ത പ്രവർത്തനം ഒരിക്കലും അവസാനിപ്പിക്കാന് സാധിക്കുന്നതല്ല എന്ന് ഉൾക്കൊള്ളുകയാണ്.

പൊതു ഇടങ്ങളിൽ മാലിന്യം കൊണ്ട് തള്ളുന്നവരെ കണ്ടെത്തി നിയമന നടപടികൾ സ്വീകരിക്കുക എന്ന ഉദ്ദേശത്തോടുകൂടി പൊതു ഇടങ്ങളിൽ CCTV സ്ഥാപിക്കാൻ **സ്മാർട്ട് ഐ** എന്നപേരിൽ നടപ്പിലാക്കുന്ന പദ്ധതിയിലേക്കായി **2 ലക്ഷം** രൂപ വകയിരുത്തുന്നു.

ജൈവമാലിന്യം സംരക്ഷണത്തിനായി നാം ഉപയോഗിക്കുന്ന ലളിതമായ മാർഗമായി സമ്പൂർണ്ണ **റിംഗ് കമ്പോസ്റ്റ് പദ്ധതി** നടപ്പിലാക്കുന്നതിലേക്കായി **12 ലക്ഷം** വകയിരുത്തുന്നു.

വീട്ടുകളിലെ പ്ലാസ്റ്റിക് ശേഖരിക്കുന്നതിനായി നാം നിയോഗിച്ചിട്ടുള്ള ഏറ്റവും പ്രധാന വിഭാഗമായ ഹരിത കർമ്മസേനയ്ക്ക് ആവശ്യമായ സഹായങ്ങൾ ചെയ്ത് കൊടുക്കേണ്ടത് അത്യാവശ്യമാണ്. നിലവിൽ 28 അംഗങ്ങളുള്ള നമ്മുടെ പഞ്ചായത്തിൻ്റെ **ഹരിത കർമ്മ സേനയ്ക്ക് യൂനിഫോമും, സുരക്ഷാ ഉപകരണങ്ങൾ** എന്നിവ വാങ്ങിക്കുന്ന പദ്ധതിയിലേക്കായി **50,000 രൂപ** വകയിരുത്തുന്നു.

നമ്മുടെ പഞ്ചായത്തിലെ **ലൈഫ് ഗുണഭോക്താക്കൾക്ക് ഗാർഹിക ശുചിമുറി നിർമ്മിച്ച്** നൽകുന്ന പദ്ധതിയിലേക്കായി **1,20,000** രൂപ വകയിരുത്തുന്നു.

പഞ്ചായത്ത് **എം സി എഫിൻ്റെ അടിസ്ഥാന സൌകര്യം വികസിപ്പിക്കുന്ന** പദ്ധതിയിലേക്കായി **12 ലക്ഷം രൂപയും** ചാലോടിൽ സ്ഥാപിച്ച Take a break നവീകരിക്കുന്നതിലേക്കായി **5 ലക്ഷം** രൂപയും വകയിരുത്തുന്നു.

കോവിഡ് മഹാമാരിയുടെ കാലത്ത് ലോകത്തെല്ലാ സ്ഥലത്തും വിദ്യാഭ്യാസം മുടങ്ങിയപ്പോഴും വിദ്യാഭ്യാസം മുടങ്ങാതെ മുന്നോട്ടു കൊണ്ട്പോയി ലോകത്തിന് മാതൃകയായ സംസ്ഥാനമാണ് കേരളം. അതിൻ്റെ തുടർച്ച എന്നനിലയില് വിദ്യാഭ്യാസം ലഭിക്കാത്ത എല്ലാവർക്കും വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോട് കൂടി നടപ്പിലാക്കുന്ന വിവിധ പദ്ധതികളായ **തുടർസാക്ഷരതയ്ക്ക് 30,000രൂപയും സമഗ്ര വിദ്യാഭ്യാസ പദ്ധതിയിലേക്കായി 60,000 രൂപയും പത്താമുദയം പദ്ധതിയിലേക്കായി 30000രൂപയും** വകയിരുത്തുന്നു.

നമ്മുടെ സമൂഹം ഇന്ന് നേരിടുന്ന ഏറ്റവും വലിയ ഭീഷണി എന്ന് പറയുന്നത് നമ്മുടെ ജനതയെ പ്രത്യേകിച്ച് യുവ തലമുറയെ ക്യാൻസർ പോലെ കാർന്ന് തിന്നുന്ന ലഹരിയുടെ ഉപയോഗം വർദ്ധിച്ച് വരുന്നു എന്നതാണ് എന്ത് ക്രൂരകൃത്യം ചെയ്യാനും മടിയില്ലാതെ മാനസീകാവസ്ഥയിലേക്ക് മനസ്സിനെ എത്തിക്കുന്ന മാരകമായ സുന്ദരൻ ലഹരി വസ്തുക്കൾക്കെതിരായ ബോധവത്കരണവും പ്രതിരോധ പ്രവർത്തനങ്ങളും സംഘടിപ്പിക്കാതെ നമുക്കിന്ന് ഒരിഞ്ച് പോലും മുന്നോട്ട് പോകുവാൻ സാധിക്കുകയില്ല എന്നതാണ് യാഥാർത്ഥ്യം. ഒരു നല്ല നാളെ പടുത്തുയർത്തുന്നതിനായി ലഹരിക്കെതിരായ പോരാട്ടം ശക്തമാക്കാനും ലഹരിവിരുദ്ധ പോരാട്ടത്തിലെ കണ്ണികളാകാനും എല്ലാ നല്ല മനുഷ്യരോടും ഈ അവസരത്തില് അഭ്യർത്ഥിച്ചുകൊണ്ട് എക്സൈസ് വകുപ്പ് , പോലീസ്,സ്റ്റുഡൻറ് പോലീസ്എൻ എസ് എസ് വളണ്ടിയർമാർ

എൻ സി സി കേഡറ്റുമാർ എന്നിവരുമായി ചേർന്ന് **ലഹരിയല്ല ജീവിതം ജീവിതമാണ്** ലഹരി എന്ന കേമ്പയിൻ നടപ്പിലാക്കുന്നതിലേക്കായി **25,000** രൂപ വകയിരുത്തുന്നു.

ഏതൊരു പ്രാദേശിക സർക്കാരിൻറെയും പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ് നമ്മുടെ പ്രവർത്തന മേഖലയിലെ പ്രധാന സ്ഥാലങ്ങളിലെല്ലാം വെളിച്ചമെത്തിക്കുക എന്നത് കഴിഞ്ഞ തവണ **9 ലക്ഷം** രൂപ ചെലവഴിച്ച് കൊണ്ട് **മീറ്റർ ലൈൻ വലിച്ച് പുതിയ സ്ട്രീറ്റ് ലൈറ്റുകൾ** സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരണത്തിൻറെ ഘട്ടത്തിലാണ് ഇത്തവണയും വെളിച്ചമെത്താത പുതിയ സ്ഥലങ്ങളിൽ വെളിച്ചമെത്തിക്കുക എന്ന ഉദ്ദേശത്തോടുകൂടി **പുതിയസ്ട്രീറ്റ് ലൈൻ വലിക്കൽ** പദ്ധാതിയിലേക്കായി **3 ലക്ഷം രൂപ**യും നിലവിലുള്ള **പഴയ സ്ട്രീറ്റ് ലൈറ്റുകളുടെ വാർഷിക അറ്റകുറ്റപ്പണി** നടത്തുന്ന പദ്ധാതിയിലേക്കായി **5 ലക്ഷം** രൂപയും വകയിരുത്തുന്നു.

ഏതൊരു പ്രദേശത്തിൻറേയും മുഖമെന്ന് പറയുന്നത് എല്ലാ ഭാഗത്തും ഗതാഗതയോഗ്യമായ റോഡുകൾ ഉണ്ടാവുക എന്നതാണ് കഴിഞ്ഞ കാലങ്ങളിലെല്ലാം നമ്മുടെ പഞ്ചായത്തിൽ പുതിയ റോഡ് നിർമ്മാണത്തിനും നിലവിലുള്ള റോഡുകളുടെ നവീകരണത്തിനും വലിയ പ്രാധാന്യം കൊടുത്തപോലെ തന്നെ ഇത്തവണയും ഗ്രാമ പഞ്ചായത്തിൻറെ ആസ്തിയിൽ ഉൾപ്പെട്ട **റോഡുകളുടെ അറ്റകുറ്റപ്പണിക്ക് 2 കോടി 86 ലക്ഷത്തി 68 ആയിരം** രൂപയും പഞ്ചായത്ത് ആസ്തിയിൽപ്പെട്ട **പുതിയ റോഡ് നിർമ്മാണത്തിനായി 70 ലക്ഷം രൂപയും** വകയിരുത്തുന്നു.

അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കം പോലുള്ള വിവിധ ദുരന്തങ്ങളിൽപെടുന്നവർക്ക് രക്ഷാ പ്രവർത്തനം സംഘടിപ്പിക്കുന്നതി ലേക്കായി ദുരന്ത നിവാരണ സേനയുടെ രൂപീകരണത്തിനും പരിശീലനത്തിനും **കൈത്താങ്ങ്** എന്ന പേരിൽ പദ്ധാതി നടപ്പിലാക്കുന്നതിലേക്കായി **1 ലക്ഷം** രൂപ വകയിരുത്തുന്നു.

ആധുനിക സമൂഹവും പരിഷ്കൃത സമൂഹവും കാലഘട്ടത്തോട് ആവശ്യപ്പെടുന്ന പദ്ധാതിയാണ് പാലിയേറ്റീവ് പരിചരണം. ഈ രംഗത്ത് കഴിഞ്ഞ കുറെ വർഷങ്ങളായി മാതൃകാപരമായ പ്രവർത്തനമാണ് നമ്മുടെ പഞ്ചായത്തും നടത്തി വരുന്നത്.കിടപ്പിലായവരെ മാത്രമല്ല അവരുടെ കുടുംബാംഗങ്ങളെയും അഭിസംബോധന ചെയ്യാന് നമുക്ക് സാധിച്ചാൽ മാത്രമെ ഈ പ്രവര്ത്തനത്തിന് ജനകീയ മുഖം കൈവരികയുള്ളൂ. കൂടുതൽ പ്രദേശങ്ങളിലേക്കും ജനങ്ങളിലേക്കും എത്തിച്ചേരുന്ന വിധം ഈ പദ്ധാതി വിപുലപ്പെടുത്തുന്നതിനും

അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി **പാലിയേറ്റീവ് പരിചരണ പദ്ധതിയിലേക്കായി 9ലക്ഷംരൂപയും പാലിയേറ്റീവ് രോഗികൾക്കാവശ്യമായ ഔഷധങ്ങൾ** വാങ്ങിക്കുന്ന പദ്ധതിയിലേക്കായി **1ലക്ഷം** രൂപയും വിലയിരുത്തുന്നു.

നമ്മുടെ പ്രാഥമികാരോഗ്യകേന്ദ്രം കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തപ്പെടുകയാണ്. അതിൻറെ ഭാഗമായി വൈകുന്നേരങ്ങളിലും ഒ.പി സേവനം ലഭ്യമാവാൻ പോവുകയാണ്.ജീവൻ രക്ഷാമരുന്നുകളുടെയും ജീവിതശൈലീരോഗനിയന്ത്രണ മരുന്നുകളുടെയും ഉപയോഗം വർദ്ധിച്ച് വരികയാണ്. മരുന്ന് ക്ഷാമമില്ലാത്ത ആരോഗ്യകേന്ദ്രമായി മാറ്റുക എന്ന ലക്ഷ്യത്തോടെ നമ്മുടെ **പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങുന്നതിനു വേണ്ടി 8 ലക്ഷം രൂപയും** പി.എച്ച്.സി ക്ക് അടിസ്ഥാന സൌകര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടുകൂടി **അടിസ്ഥാന സൌകര്യ വികസന പദ്ധതിയിലേക്ക് 5 ലക്ഷം** രൂപയും **ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതിയിലേക്ക് 20000 രൂപയും** വകയിരുത്തുന്നു.

നമ്മുടെ പഞ്ചാത്തിലെ ചികിത്സാ രംഗത്ത് സുപ്രധാന പങ്ക് വഹിക്കുന്ന മറ്റ് രണ്ട് സ്ഥാപനങ്ങൾ ആണ് വളയാൽ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഗവൺമെൻറ് ആയുർവ്വേദ ഡിസ്പൻസറിയും കുമ്മാനത്ത് പ്രവർത്തിക്കുന്ന ഗവൺമെൻറ് ഹോമിയോ ഡിസ്പൻസറിയും. ഈ രണ്ട് ആശുപത്രികളും മികച്ച സേവനമാണ് ജനങ്ങൾക്ക് നൽകുന്നത് എന്നത് ഏറെ പ്രശംസനീയമാണ് . **ആയുർവേദ ഡിസ്പെൻസറിക്ക് ആവശ്യമായ ഔഷധങ്ങൾ വാങ്ങി** നൽകുന്നതിലേക്കായി **8 ലക്ഷം** രൂപയും **ഗവൺമെൻറ് ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ** പദ്ധതിയിലേക്കായി **രണ്ടര ലക്ഷം** രൂപയും വകയിരുത്തുന്നു.

**ഹോമിയോ ആശുപത്രിക്ക് അടിസ്ഥാന സൌകര്യ വികസന**ത്തിനായി **4 ലക്ഷം** രൂപയും വകയിരുത്തുന്നു.

ജനങ്ങളുടെ പുതിയ ജീവിതരീതിയും ഫാസ്റ്റ് ഫുഡ് സംസ്കാരവും വായുമലിനീകരണവും മൂലം സമൂഹത്തിൽ ക്യാൻസർ രോഗികളുടെ എണ്ണം അനുദിനം വർദ്ധിക്കുന്നു എന്ന ഏറ്റവും ഭയാനകമായ കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. ക്യാൻസർ രോഗ നിയന്ത്രണവും പ്രതിരോധവും ഈ കാലഘട്ടത്തിൻറെ ആവശ്യമാണെന്ന് കണ്ടറിഞ്ഞുകൊണ്ട് ക്യാന്സർ രോഗ നിയന്ത്രണ പദ്ധതിയായ **കണ്ണൂർ ഫൈറ്റ് ക്യാൻസർ പദ്ധതി** നടപ്പിലാക്കുന്നതിലേക്കായി **രൂപ 50000**വകയിരുത്തുന്നു .

നമ്മുടെ സംസ്ഥാനത്ത് ജീവിതശൈലി രോഗങ്ങൾ പിടിപെടുന്നവരുടെ എണ്ണം പ്രായഭേദമന്യേ വർദ്ധിച്ചുവന്നു കൊണ്ടിരിക്കുന്നതിൻറെ ഫലമായി വൃക്കരോഗികളുടെ എണ്ണവും നമ്മുടെ പ്രതീക്ഷകൾക്കപ്പുറത്ത് കൂടി വരുന്ന സ്ഥിതിയാണ് നിലവിലുള്ളത്. വൃക്ക രോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിൻറെ ഫലമായി പല കുടുംബങ്ങളും സാമ്പത്തികമായി തകർച്ചയിലേക്ക് എത്തിച്ചേരുന്നു എന്നതാണ് സ്ഥിതി. ഇത്തരം കുടുംബങ്ങളെ ചേർത്തു പിടിക്കേണ്ടത് സമൂഹത്തിൻറെ കടമയാണെന്ന് കണ്ടറിഞ്ഞുകൊണ്ട് നടപ്പു വർഷം **കനിവ്** എന്ന പേരിൽ നടപ്പിലാക്കുന്ന പദ്ധതി ഇത്തവണയും തുടരുന്നതിലേക്കായി **5 ലക്ഷം** രൂപ വകയിരുത്തുന്നു.

ഏതൊരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻറെയും ലക്ഷ്യമാണ് ഞങ്ങളുട ഓഫീസ് സൌകര്യ പ്രദമായി കെട്ടിടത്തില് പ്രവർത്തിക്കുക എന്നത്. നമ്മുടെ പഞ്ചായത്ത് സ്വന്തമായി വിലകൊടുത്ത് വാങ്ങിയ സ്ഥലത്ത് ആധുനിക സൌകര്യങ്ങളോട് കൂടിയ **പഞ്ചായത്ത് ഓഫീസ് കെട്ടിടം** നിർമ്മിക്കുന്നതിലേക്കായി **3 കോടി** വകയിരുത്തുന്നു.

| കീഴല്ലൂർ ഗ്രാമപഞ്ചായത്ത് 2025/26 ബജറ്റ് സംഗ്രഹം | |
|---|---|
| പ്രാരംഭബാക്കി | 39,392,322 |
| പ്രതീക്ഷിത വരവുകൾ | |
| നികുതി വരുമാനം | 2,25,75,000 |
| നികുതിയിതരവരുമാനം | 2,06,56,000 |
| ജനറൽ പർപ്പസ് ഫണ്ട് | 1,42,80,000 |
| സാമൂഹ്യ സുരക്ഷാ പെൻഷൻ | 4,20,00,000 |
| എം ജി എൻ ആർ ഇ ജി എസ് ഫണ്ട് | 6,00,00,000 |
| ദുരിതാശ്വാസം | 75,000 |
| ആകെ വരവുകൾ | 15,95,86,000 |
| പദ്ധതി വരവുകൾ | |
| വികസനഫണ്ട് പൊതുവിഭാഗം | 1,75,24,000 |
| പട്ടികജാതി വിഭാഗം | 1118,000 |
| മെയിൻറനൻസ് ഫണ്ട് (റോഡ്) | 2,55,73,600 |
| മെയിൻറനൻസ് ഫണ്ട് (റോഡിതരം | 30,43,000 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാൻറ് | 62,28,000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 20,18,290 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 18,22,630 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 32,91,736 |
| സംസ്ഥാനാവിഷ്കൃത  ഫണ്ട് | 26,51,600 |
| ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ളവായ്പ | 26,00,000 |

| | |
|---|---|
| ഗുണഭോക്തൃ വിഹിതം | 11,41,250 |
| എം എൽ എ ഫണ്ട് | 1,75,00,000 |
| ആകെ പദ്ധതി വരവ് | 8,45,12,106 |
| | |
| ആകെ വരവുകളും പ്രാരംഭബാക്കിയും | 28,34,90,428 |
| | |
| പ്രതീക്ഷിത ചെലവുകൾ | |
| എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾ ശമ്പളം ,ഹോണറേറിയം മുതലായവ | 1,81,05,000 |
| ഭരണചെലവുകൾ | 39,27,000 |
| അനിവാര്യചെലവുകൾ | 38,25,000 |
| സാമൂഹ്യ സുരക്ഷാ പെൻഷൻ | 4,20,00,000 |
| എം ജി എൻ ആർ ഇ ജി എസ് – റവന്യൂ ചെലവുകൾ | 3,50,00,000 |
| ജനകീയാസൂത്രണ പദ്ധതി–ഉല്പാദനമേഖല | 68,56,020 |
| ജനകീയാസൂത്രണ പദ്ധതി–സേവനനമേഖല | 3,25,31,166 |
| ജനകീയാസൂത്രണ പദ്ധതി–പശ്ചാത്തലമേഖല | |
| 1,വിവിധ റോഡുളുടെ മെയ്ൻറനൻസ് ഉൾപ്പെടെയുള്ള ആസ്തി സംരക്ഷണപദ്ധതിക്ക് | 2,86,68,000 |
| 2.മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി–റോഡുകൾ,കുളങ്ങൾ,തോടുകൾ മുതലായവ | 2,50,00,000 |

| | |
|---|---|
| 3.വിവിധ റോഡുകളുടെ ടാറിംഗ്,പൊതുകെട്ടിടങ്ങൾ,പാലങ്ങൾ മുതലായവ | 2,18,68,120 |
| ജനകീയാസൂത്രണ പദ്ധതി–അനിവാര്യപദ്ധതികൾക്ക് | 56,00,896 |
| തനത് വരുമാനം–വിവിധ റവന്യൂ ചെലവുകൾക്ക് | 75,00,000 |
| തനത് വരുമാനം–വിവിധ മൂലധന ചെലവുകൾക്ക് | 1,57,08,800 |
| ആകെ ചെലവുകൾ | 24,65,90,002 |

## സംഗ്രഹം

| | |
|---|---|
| പ്രാരംഭബാക്കി | 3,93,92,322 |
| പ്രതീക്ഷിത വരവുകൾ | 24,40,98,106 |
| ആകെ വരവുകൾ | 28,34,90,428 |
| ആകെ ചെലവുകൾ | 24,65,90,002 |
| നീക്കി ബാക്കി | 3,69,00,426 |

ബഹുമാന്യരെ,

നാടിൻറെ ആവശ്യങ്ങൾ കണ്ടറിഞ്ഞും നിർവ്വഹണ സാധ്യവുമായ നിരവധി പദ്ധതികൾ വിജയത്തിലെത്തിക്കാൻ കഴിഞ്ഞ 4 ബജറ്റിലും സാധിച്ചിട്ടുണ്ടെന്ന ആത്മ വിശ്വാസത്തിലും ഒരിക്കലും അവസാനിക്കാത്ത വികസന സ്വപ്നങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടും സമൂഹത്തിൽ പ്രയാസം അനുഭവിക്കുന്ന ജനവിഭാഗങ്ങളെ സഹായിക്കുക എന്ന ആഗ്രഹത്തോടുകൂടി സേവന മേഖലയിലും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതി തിരിച്ചു കൊണ്ടു വരുന്നതിന് കാർഷിക മേഖലയിലും മൃഗസംരക്ഷണ മേഖലയിലും പ്രാധാന്യം കൊടുത്തുകൊണ്ടാണ് ഈ കരട് ബഡ്ജറ്റും തയ്യാറാക്കിയിട്ടുള്ളതെന്ന് ഉറച്ച് വിശ്വസിക്കുകയാണ്.

നമുക്ക് പരിമിതികളുണ്ട് അതിനെ കുറിച്ച് വ്യക്തമായ ധാരണകളും ഉണ്ട്. പരിമിതികളിൽ സങ്കടപ്പെട്ടിരിക്കാതെ, ദൌർബല്യങ്ങളെ കരുത്താക്കി മാറ്റി വിജയ ലക്ഷ്യത്തിലേക്ക് എത്തിക്കാന് കഴിയുന്ന ഒരു ടീം നമുക്ക് ഉണ്ടെന്ന് ഉള്ളത് വലിയ ആത്മവിശ്വാസം നൽകുന്നതാണെന്ന് എടുത്ത് പറയേണ്ടതാണ്. മാലിന്യമുക്ത പഞ്ചായത്ത് എന്ന സ്വപ്ന സുന്ദര ലക്ഷ്യത്തിലേക്ക് നാം നടന്നു നീങ്ങിയിരിക്കുകയാണ്. നമ്മൾ കൈവരിച്ച ഈ ലക്ഷം നിലനിർത്തുക എന്ന ഭാരിച്ച ഉത്തരവാദിത്വമാണ് നമ്മളിൽ വന്ന് ചേർന്നിരിക്കുന്നത്. ഈ ഉത്തരവാദിത്വം നിറവേറ്റുന്നതിനായി നമ്മൾ ഓറോരുത്തരുടെയും കണ്ണുകള് മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നവരെ കണ്ടെത്താനുള്ള ക്യാമറക്കണ്ണുകളായി മാറ്റി മാലിന്യത്തിനെതിരായ പോരാട്ടത്തില് കണ്ണികളാവണമെന്ന് വിനയ പുരസരം അഭ്യർത്ഥിച്ചുകൊണ്ടും ഒരു നല്ല നാളെ സൃഷ്ടിക്കേണ്ട ഭാവിവാഗ്ദാനമായ യൌവനത്തിൻറെ എല്ലാ പ്രതീക്ഷകളും തകർത്ത് തരിപ്പണമാക്കുന്ന ലഹരിക്കെതിരായ പോരാട്ടത്തിൽ കണ്ണി ചേർന്നുകൊണ്ടും നമ്മുടെ നാടിൻറെ മണ്ണും ജലവും പച്ചപ്പും സംരക്ഷിക്കുന്ന പ്രവർത്തനങ്ങളിൽ നാം ഓരോരുത്തരും ഏർപ്പെടേണ്ടതും കാലഘട്ടത്തിന് കടമയാണെന്ന തിരിച്ചറിവ് ഓരോ മനുഷ്യൻറേയും മനസ്സിൽ ഉണ്ടാവണമെന്ന് ഏറെ സ്നേഹത്തോടെ അതിലേറെ ബഹുമാനത്തോടെ അഭ്യർത്ഥിക്കുന്നു.

ഒരുമയുടെ നാളുകൾ അവസാനിക്കുന്നില്ല

അത് ഇനി പുതിയ തുടക്കങ്ങളിലേക്ക്

തുടങ്ങിവെച്ചത് പൂർത്തിയാക്കാനുള്ള

പരിശ്രമത്തിലേക്ക്

പൂവണിയട്ടെ പ്രതീക്ഷകൾ

സഫലമാകട്ടെ സ്വപ്നങ്ങൾ

നേരുന്നു ഹൃദയപൂർവ്വം

എല്ലാവർക്കും നന്മകൾ

മാലിന്യമുക്തം, ലഹരിമുക്തം, സംരക്ഷണം, പങ്കാളിത്തം, വികസനം.... ഇതാവട്ടെ 2025-26 ലെ കീഴല്ലൂര് ഗ്രാമപഞ്ചായത്തിൻറെ ലക്ഷ്യം. ഈ ലക്ഷ്യ സാക്ഷാത്കാരത്തിനായി നമുക്കൊരുമിച്ച് മുന്നേറാം എന്ന് അഭ്യർത്ഥിച്ചു കൊണ്ട് ഈ ബഡ്ജറ്റ് നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നു.......

സ്നേഹത്തോടെ

കെ.അനിൽകുമാർ

വൈസ് പ്രസിഡണ്ട്, കീഴല്ലൂർ ഗ്രാമപഞ്ചായത്ത്